പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *311</u> <u>12-12-2018 - ൽ മറുപടിയ്ക്ക്</u>

<u>ലീഗൽ മെട്രോളജി വകുപ്പിന്റെ സുതാര്യം ആപ്ലിക്കേഷൻ</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ<br>" രാജു എബ്രഹാം<br>" കെ. ബാബു<br>" സി. കെ. ഹരീന്ദ്രൻ: | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; | (എ) ഉണ്ട്. |
| (ബി) അളവുതൂക്ക വെട്ടിപ്പുകൾ സംബന്ധിച്ച് ഉപഭോക്താക്കൾക്കുണ്ടാകുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് കോൾ സെന്റർ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ഉണ്ട്. കേരള സംസ്ഥാന ഐ.റ്റി മിഷന്റെ കോൾ സെന്ററാണ് ആരംഭിച്ചിട്ടുള്ളത്. കോൾ സെന്ററിൽ പരാതികൾ ലഭിക്കുമ്പോൾ ഉടൻ തന്നെ പരാതി ലഭിക്കുന്ന സ്ഥലത്തിന്റെ ഏറ്റവും അടുത്തുള്ള വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വാഹനം ഏതെന്ന് ജി.പി.എസ് സംവിധാനത്തിന്റെ സഹായത്തോടെ കണ്ടെത്തി ആ വാഹനത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥന് പരാതി കൈമാറുന്നതിനും പരാതിയിന്മേൽ അടിയന്തര നടപടി സ്വീകരിക്കാനും സാധിക്കുന്നുണ്ട്. 0471-155300 (ബി എസ് എൻ എൽ) 9400198198 (മൊബൈൽ) എന്നിവയാണ് കോൾ സെന്ററിൽ ബന്ധപ്പെടാനുള്ള നമ്പരുകൾ. |
| (സി) ഇതുമായി ബന്ധപ്പെട്ട് ലീഗൽ മെട്രോളജി വകുപ്പ് നടപ്പിൽ വരുത്തിയ സുതാര്യം ആപ്ലിക്കേഷന്റെ വിശദാംശം നൽകുമോ; | (സി) ലീഗൽ മെട്രോളജി നിയമം ലംഘിക്കുന്ന വ്യാപാര സ്ഥാപനങ്ങൾക്കെതിരെ പൊതുജനങ്ങൾക്ക്, പരാതി നൽകുവാനായി 'സുതാര്യം' എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ചും, വകുപ്പിലെ ഫീസ് നിരക്കുകളെക്കുറിച്ചും ഈ മൊബൈൽ ആപ്ലിക്കേഷനിലൂടെ അറിയുവാനും കഴിയുന്നതാണ്. ഉപഭോക്താക്കൾക്ക് വകുപ്പിലെ ഓഫീസർമാരെ നേരിട്ട് വിളിച്ച് പരാതികൾ നൽകുന്നതിനും ഈ മൊബൈൽ ആപ്ലിക്കേഷനിലൂടെ സാധിക്കുന്നു. ടി മൊബൈൽ ആപ്ലിക്കേഷൻ ഇപ്പോൾ ഗൂഗിൾ പ്ലേ സ്റ്റോറിൽ ലഭ്യമാണ്. |
| (ഡി) പ്രസ്തുത കോൾ സെന്ററിന്റെയും സുതാര്യം ആപ്ലിക്കേഷന്റെയും സേവനങ്ങൾ കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) എഫ്.എം. റേഡിയോ, പത്ര മാദ്ധ്യമങ്ങൾ എന്നിവ വഴി പരസ്യം നൽകി വരുന്നു. അതോടൊപ്പം ജില്ലകൾ തോറും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ